**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 901** **09-10-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ വകുപ്പുകളിലെ പട്ടികജാതി/ പട്ടികവർഗ, പിന്നോക്ക വിഭാഗ പ്രാതിനിധ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പിന്നാക്ക വിഭാഗ കമ്മീഷന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന eCDESK (e-Caste Database of Employees in Service Kerala) വെബ് പോർട്ടലിൽ വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും അപ്‌ലോഡ് ചെയ്യപ്പെട്ട സ്ഥിരം ജീവനക്കാരുടെയും, അദ്ധ്യാപകരുടെയും വിവരങ്ങൾ ഓരോ വകുപ്പിലെയും തസ്തിക , ജാതി, കാറ്റഗറി, സമുദായം തിരിച്ച് വിശദമായ റിപ്പോർട്ട് വിവിധ സർക്കാർ വകുപ്പുകളുടെ അടിസ്ഥാനത്തിൽ പ്രത്യേകം പ്രത്യേകമായി വിശദമായ റിപ്പോർട്ട് പി.ഡി.എഫ് ഫോർമാറ്റിൽ ലഭ്യമാക്കാമോ; | (എ) | e-CDESK വെബ് പോർട്ടലിൽ ജീവനക്കാരുടെ വിശദാംശങ്ങൾ രേഖപ്പെടുത്താൻ ചുമതലപ്പെടുത്തിയിട്ടുള്ള ബന്ധപ്പെട്ട നോഡൽ ഓഫീസർമാർ അപ്‌ലോഡ് ചെയ്തിട്ടുള്ള വിവരങ്ങൾ പ്രകാരം 317 സർക്കാർ വകുപ്പുകൾ / സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 'Caste wise count' വകുപ്പ്/ സ്ഥാപന അടിസ്ഥാനത്തിൽ e-CDESK -ൽ ഭാഗികമായി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ ഡാറ്റ പരിശോധിച്ച് വാലിഡേറ്റ് ചെയ്തിട്ടില്ല. കാറ്റഗറി, തസ്തിക തിരിച്ചുള്ള വകുപ്പ്/ സ്ഥാപന അടിസ്ഥാനത്തിലുള്ള വിവരങ്ങൾ e-CDESK -ൽ നിലവിൽ ലഭ്യമല്ല. |
| (ബി) | വിവിധ സർക്കാർ വകുപ്പുകളിലെ ജീവനക്കാരുടെ ജാതി,മതം,നിയമന രീതി,ലിംഗം,കാറ്റഗറി തുടങ്ങിയ വിശദാംശങ്ങൾ പിന്നാക്ക വിഭാഗ കമ്മീഷന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന eCDESK വെബ് പോർട്ടലിൽ ഇതുവരെ അപ് ലോഡ് ചെയ്യാത്തിട്ടില്ലാത്ത വകുപ്പുകളുടെയും, ഓഫീസുകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | e-CDESK വെബ് പോർട്ടലിൽ ഇതുവരെ അപ്‌ലോഡ് ചെയ്തിട്ടില്ലാത്ത വകുപ്പുകളുടെയും, ഓഫീസുകളുടെയും വിശദാംശങ്ങൾ ശേഖരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത വെബ്പോർട്ടലിൽ തങ്ങളുടെ വകുപ്പിലെ/ ഓഫീസിലെ ജീവനക്കാരുടെ വിശദാംശങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിന് ചുമതലപ്പെടുത്തിയ നോഡൽ ഓഫീസർമാരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | നോഡൽ ഓഫീസർമാർക്ക് കാലാകാലങ്ങളിൽ മാറ്റം വരുന്നതിനാൽ ആയതിന്റെ വിശദാംശങ്ങൾ ശേഖരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ